# അസ്മാഉല്ലാഹ് തൗകീഫിയ്യഃ ആണ്

അബ്ദുൽജബ്ബാർ അബ്ദുല്ല

അല്ലാഹുﷻവിന്റെ നാമങ്ങളായി ക്വുർആനിലും സുന്നത്തിലും വന്ന പദങ്ങളിലും ആശയങ്ങളിലും പരിമിതപ്പെടുകയാണു വേണ്ടത്. അസ്മാഉല്ലാഹ് تَوقِيفِيَّة [തൗകീഫിയ്യഃ] ആണെന്ന് പണ്ഡിതന്മാർ പറയുന്നതിന്റെ ഉദ്ദേശ്യം ഇതാണ്.

അല്ലാഹുﷻ തനിക്കുവെച്ച പേരുകൊണ്ടും അല്ലാഹുﷻവിന് നബിﷺ സ്ഥിരീകരിച്ച പേരുകൊണ്ടും മാത്രമേ നാം അല്ലാഹുﷻവിന് പേരുവെക്കാവൂ. ബുദ്ധിക്ക് അതിൽ യാതൊരു സ്ഥാനമില്ല; കാരണം അല്ലാഹുﷻ അർഹിക്കുന്നത് എത്തിപ്പിടിക്കുവാൻ മനുഷ്യബുദ്ധി പര്യാപ്തമല്ല. മാത്രവുമല്ല നാമങ്ങളിൽ അല്ലാഹുﷻവിന്റെ നാമങ്ങളേക്കാൾ ഉത്തമമായതോ തതുല്യമായതോ അവയുടെ സ്ഥാനത്ത് വെക്കാവുന്നതോ അവ പ്രദാനം ചെയ്യുന്ന വിശേഷണങ്ങൾ പ്രദാനം ചെയ്യുന്നതോ ഇല്ലതന്നെ.

അല്ലാഹുﷻ തനിക്ക് സ്വീകരിക്കാത്ത പേരുകൊണ്ട് അവന് പേരുവെക്കലും അല്ലാഹുﷻ അവനുവെച്ച പേര് നിഷേധിക്കലും അവനോടു ചെയ്യുന്ന അന്യായമാണ്.

وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ

﴾നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്﴿ (വി. ക്വു. 17: 36)

ഇമാം ഇബ്നുഹസംرحمه الله പറഞ്ഞു: അല്ലാഹുﷻ തനിക്ക് വെച്ച പേരുകൊണ്ടും തന്നെക്കുറിച്ച് പ്രസ്താവിച്ചതുകൊണ്ടുമല്ലാതെ അവനു പേരുനൽകപ്പെടലും പ്രസ്താവിക്കപ്പെടലും അനുവദനീയമല്ല. അത് അവന്റെ ഗ്രന്ഥത്തിലും അവന്റെ ദൂതന്റെ സുന്നത്തിലും മുഴുവൻ മുസ്‌ലിംകളുടേയും ഇജ്മാഅ് ആയി സ്വഹീഹായി ദൃഢപ്പെട്ടതിലുമാണ്; ഇവയിൽ വന്നതിനപ്പുറം വർദ്ധിപ്പിക്കപ്പെടാവതേയല്ല. അർത്ഥം ശരിയാണെങ്കിൽ പോലും അതറിയിക്കുന്ന പദം അല്ലാഹുﷻവെ കുറിച്ച് പറയപ്പെടാവതല്ല. അല്ലാഹുﷻവാണ് ആകാശത്തെ നിർമ്മിച്ചതെന്ന് നാം ദൃഢമായും അറിഞ്ഞിരിക്കുന്നു. അല്ലാഹുﷻ പറഞ്ഞു:

وَٱلسَّمَآءَ بَنَيْنَٰهَا بِأَيْيدٍ وَإِنَّا لَمُوسِعُونَ

﴾ആകാശമാകട്ടെ നാം അതിനെ ശക്തികൊണ്ടു നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു.﴿ (വി. ക്വു. 51: 47).

അല്ലാഹുﷻവിനു بَنَّاء [ബന്നാഅ്](നിർമ്മാതാവ്) എന്ന് പേരു നൽകൽ അനുവദനീയമല്ല. അല്ലാഹുﷻവാണ് സസ്യലതാദികൾക്കും ജീവജാലങ്ങൾക്കും വർണങ്ങൾ പടച്ചതെന്ന് നാം ഉറപ്പായും അറിഞ്ഞിരിക്കുന്നു. അല്ലാഹുﷻ പറഞ്ഞു:

صِبْغَةَ ٱللَّهِ

﴾അല്ലാഹു നൽകിയ വർണമാകുന്നു (നമ്മുടെത്).﴿ (വി. ക്വു. 2: 138)

എന്നാൽ صَـــبَّاغ [സബ്ബാഗ്] എന്ന് അല്ലാഹുﷻവിനു പേരുവെക്കൽ അനുവദനീയമല്ല.... അല്ലാഹുﷻ സ്വന്തത്തിനു സ്വീകരിച്ചിട്ടില്ലാത്ത എല്ലാ പേരുകളും ഇപ്രകാരമാണ്. [1]

[1] അൽഫസ്‌ലു ഫിൽമിലൽ 1: 107